പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 409 11.12.2012-ൽ മറുപടിയ്ക്ക്

## ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | വയനാട് ജില്ലയിലെ ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; | (എ) | വയനാട് ജില്ലയിലെ ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി 24-09-2006-ൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ആരംഭ ഘട്ടത്തിൽ 2 സ്പീഡ് ബോട്ടുകൾ ആണ് സഞ്ചാരികൾക്കായി സർവ്വീസ് നടത്തിയിരുന്നത്. നിലവിൽ 4 സ്പീഡ് ബോട്ടുകൾ, ആന സവാരി, കുതിര സവാരി, വിശ്രമ കേന്ദ്രങ്ങൾ, ടോയ്‌ലറ്റുകൾ, മിൽമാ പാർലറുകൾ, കഫറ്റീരിയ, കുട്ടികളുടെ പാർക്ക് തുടങ്ങി വിനോദ സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ബാണാസുര സാഗർ ഹൈഡൽ ടൂറിസത്തിൽ ഒരുക്കിയിട്ടുണ്ട്. ആരംഭഘട്ടത്തിൽ പ്രതി വർഷം 1 ലക്ഷത്തോളം വിനോദ സഞ്ചാരികൾ സന്ദർശിച്ചിരുന്ന സ്ഥാനത്ത് 2011-2012 വർഷം 3 ലക്ഷത്തോളം വിനോദ സഞ്ചാരികൾ ബാണാസുരസാഗർ ഹൈഡൽ ടൂറിസം സന്ദർശിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) | വയനാട് ജില്ലയിലെ ബാണാസുരസാഗറിൽ ഇപ്പോൾ നടന്നു വരുന്ന ഹൈഡൽ ടൂറിസം പദ്ധതിയുടെ വികസനത്തിന് വേണ്ടി 135.80 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന മെഗാ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. ഈ പദ്ധതി പ്രകാരം ബാണാസുരസാഗർ തടാകത്തിലെ 28 ദ്വീപുകളിൽ ഓരോന്നിലും അവയുടെ പരിസ്ഥിതിക്ക് അനുസൃതമായി വൈവിധ്യ പൂർണ്ണമായ താമസ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള ആകർഷണങ്ങളും, മേൽ പറഞ്ഞ ദ്വീപുകളെ ബന്ധിപ്പിക്കുന്ന തരത്തിൽ ഹോവർക്രാഫ്റ്റ്, റോപ്പ്‌വേ തുടങ്ങിയ യാത്രാ സൗകര്യങ്ങളും സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. |
| (സി) | നടപ്പു സാമ്പത്തിക വർഷം എന്ത് തുക പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയെന്നും എന്ത് തുക ചെലവഴിച്ചു എന്നുമുള്ളതിന്റെ കണക്ക് ലഭ്യമാക്കുമോ ? | (സി) | നടപ്പു സാമ്പത്തിക വർഷം മേൽ പറഞ്ഞ പദ്ധതിയ്ക്കായി തുക വകയിരുത്തുകയോ, ചെലവഴിക്കുകയോ ചെയ്തിട്ടില്ല |

സെക്ഷൻ ഓഫീസർ.